62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 944 Participant Code: 117

# സ്കൂൾ കലോത്സവവും സർഗാത്മകതയും

ആമുഖം :-

സ്കൂൾ വിദ്യാർത്ഥികളുടെ കഴിവിനെ വാർത്തെടുക്കാൻ സഹായിക്കുന്ന ഒന്നാണ് സ്കൂൾ കലോത്സവം കുട്ടികളുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് വളരെ സഹായകമാണ്. സാഹിത്യപരമായും, മറ്റു പലതായും കലോത്സവം സ്കൂൾ വിദ്യാർത്ഥികൾക്ക് എന്നും അത് വളർത്തിയെടുക്കാൻ സഹായകമാകുന്നതാണ്.

ഒരു മനുഷ്യനിൽ അവരുടെ രീതിയിലായി പലതരം കഴിവുകളുമുണ്ടാകാം. അതിൽ അവർക്ക് മികവ് പുലർത്താൻ കഴിയാവുന്ന ഒരു വേദിയാണ് സ്കൂൾ കലോത്സവം. സ്കൂൾ കുട്ടികൾ കലോത്സവത്തിൽ പങ്കെടുത്ത് അവരുടെ സർഗാത്മകതയും, ഭാവാത്മകതയും, കാവ്യാത്മകതയുമെല്ലാം പുറത്തെടുത്ത് കൊണ്ടുവരുന്നു. കഴിവിനെ വാർത്തെടുക്കുക എന്നത് ഒരു വിദ്യാർത്ഥിക്ക് അവരുടെ സ്കൂൾ കാലഘട്ടത്തിൽ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ചെയ്യാൻ കഴിയുന്ന ഒന്നാണ്.

ഈ നൂറ്റാണ്ടിൽ വിദ്യാർത്ഥികൾ അവരുടെ കഴിവുകൾ കലോത്സവത്തിൽ പ്രകടിപ്പിക്കുന്നത് വളരെ കൂടുതലാണ്. പണ്ടുള്ള കാലങ്ങളെക്കാളും കലകൾക്ക് ഏറെ പ്രാധാന്യം കൊടുക്കുന്ന കാലമായിരിക്കുന്നു. ഇപ്പോൾ സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുത്ത് അത് വലിയ വലിയ വിജയങ്ങളിലേക്കെത്തിച്ചവരാണ് ഇപ്പോഴത്തെ വിദ്യാർത്ഥികൾ.

കഴിവുകളിൽ അല്ലെങ്കിൽ കലകളിൽ തന്നെ പലതരം മേഖലകളുണ്ട്. പലർക്കും പല രീതിയിൽ അത് ലഭിക്കുന്നു. ചിലർ ആ കഴിവുകളിൽ-കൂടി തന്നെ താൻ ആരാണെന്ന് ലോകത്തോട് പറയു-കയും അതുപോലെതന്നെ ആ കഴിവിൽ നിന്ന് തന്നെ തന്റെ ജീവിതം വരച്ചുകാട്ടിയവരാണ്. അങ്ങനെ-യുള്ളവർ നമ്മുടെ സമൂഹത്തിൽ ഏറെയാണ്. എന്നാൽ ഇവർക്കെല്ലാം തന്റെ കഴിവിനെ വാർത്തെ-ടുക്കാൻ സഹായിച്ച ഒരു അഭിവാജ്യഘടകമായി കലോത്സവത്തെ പറയാം. നമ്മുടെ സമൂഹത്തിൽ പ്രശംസിയാർജ്ജിച്ച പലരും നമ്മുടെ നാട്ടിൽ നടക്കുന്ന

കലോത്സവങ്ങളിൽ തന്റെ കഴിവിനെ മാറ്റുരച്ചവരാണ് ഇന്നും അത് പ്രയോഗിച്ചു കൊണ്ടേയിരിക്കുന്നു.

സ്കൂളുകളിൽ നിന്നും തന്റെ കലയെ വാർത്തെടുക്കാനുള്ള ആദ്യ പടി ചവിട്ടി പിന്നീട് ഓരോ സ്ഥലത്തും തന്റെ മികവ് വിദ്യാർത്ഥികൾ തെളിയിക്കുന്നു. ജീവിതമാർഗത്തിനായി പലരും കലയെ അല്ലെങ്കിൽ കഴിവിനെ ആശ്രയിക്കുന്നു. ഇതെല്ലാം അവർക്ക് തനിക്ക് ഇങ്ങനെ ഒരു കഴിവിൽ പിടിച്ചു നിൽക്കാൻ സാധിക്കും എന്ന് വരച്ചുകാട്ടിതന്നത് തീർച്ചയായും കലോത്സവങ്ങൾ തന്നെയായിരിക്കാം. കലോത്സവങ്ങളിൽ നിന്ന് തുടങ്ങുന്ന കഴിവുകൾ പിന്നീട് എത്തിനിൽക്കുക എന്തെങ്കിലും വലിയൊരു സ്ഥാനത്തിലേക്കായിരിക്കും. വിദ്യാർത്ഥികളും കഴിവ് കൊണ്ട് തന്നെ അവർ കലോ-ത്സവങ്ങളിൽ കേവലം പങ്കെടുക്കുകയും അവരുടെ കലയുടെ ആഴത്തോളം അവർ വിജയിച്ചുവരുന്നതും നമുക്ക് കാണാൻ സാധിക്കും.

ഇന്നത്തെ കാലത്ത് കലകൾക്ക് പ്രാധാന്യം കൊടുക്കുന്നവരുമുണ്ട് അതുപോലെതന്നെ കൊടുക്കാ-ത്തവരുമുണ്ട്. കലകളുടെ പ്രാധാന്യം അറിയുന്നവർ

കലോത്സവങ്ങളിൽ പങ്കെടുത്ത് കലയെ വാർത്തെ-
ടുക്കുന്നു. എന്നാൽ ചിലർ അത് വളർത്തിയെടുക്കാതെ
ചിറകൊതുക്കി ഇരിക്കുന്നു. തന്റെ കലകളെ വളർത്തി-
യെടുത്ത് പാറിത്താൻ സഹായിക്കുന്ന കലോത്സവങ്ങൾ
അതിന്റെ വിലയറിയുന്നവർ വിദ്യാർത്ഥികളായ കുട്ടികളെ
അതിൽ പങ്കെടുപ്പിക്കുന്നു.

കലോത്സവത്തിൽ മത്സരിക്കുന്ന കുട്ടികളുടെ
കഴിവിനെ വാർത്തെടുക്കുക എന്ന പ്രധാനമായ
ആ കാര്യം മാത്രമല്ല ഉള്ളത്. അതിൽ പങ്കെടുക്കുന്ന
കുട്ടികളുടെ സർഗാത്മകശേഷിയെ സാരമായി
ബാധിക്കും. ഇങ്ങനെ മത്സരിച്ചു വരുന്നവർക്ക് അവരുടെ
ഭാവനാശേഷി വളരെ വലുതായിരിക്കും. ഓരോ തരം
മേഖലകളിൽ കൂടി മത്സരിച്ചു വിജയിച്ചു വരുന്ന വിദ്യാ-
ർത്ഥികൾക്ക് അവരുടെ ജീവിതത്തിൽ എന്തിനെങ്കിലും
എപ്പോഴെങ്കിലും സഹായകരമാകും. അവരുടെ ആ
കഴിവ് കേവലം മത്സരിച്ച് ജയിച്ച് അതിലൂടെ ഉള്ള
പ്രശംസ മാത്രമല്ല കലോത്സവ മത്സരങ്ങളിലെ കുട്ടികളുടെ
കഴിവുകൾ. അത് ഓരോരുത്തർക്കും അവരുടേതായ
ഭാവനാരീതിയിൽ അവരുടെ കഴിവുകളെ അവർക്ക്

കലോത്സവമത്സരങ്ങളിലൂടെ അല്ലാതെ തന്നെ പലരീതിയിലും വളർത്തിക്കൊണ്ട് വരാൻ സാധിക്കും. പ്രത്യേകിച്ച് ഈ കാലഘട്ടങ്ങളിൽ. എന്നാൽ എല്ലാ ഏകദേശം വിദ്യാർത്ഥികൾക്കും അവരുടെ കഴിവിനെ വളർത്തികൊണ്ട് വരാൻ സാധിക്കുന്ന ആദ്യത്തെ ചവിട്ടുപടി കലോത്സവമായിരിക്കുമെന്ന് മാത്രം.

ലോകത്തിൽ തന്നെ കലാകാരന്മാരും കലാകാരികളും വളരെ വളരെ കൂടുതലാണ്. എന്നാൽ അവർ പലരീതികളിൽ തന്റെ കഴിവിനെ വാർത്തെടുത്തവരാണ്. കലോത്സവങ്ങളിൽ കൂടി തന്നെയായിരിക്കാം അവരുടെ കഴിവിനെ അവർ മനസ്സിലാക്കിയത് എന്ന് നമുക്ക് പറയാം. ഈ കാലങ്ങളിൽ മൊബൈൽ ഫോൺ പോലെയുള്ളതിലും കലകളെ പ്രോത്സാഹിപ്പിക്കുന്നവരാണ്. എന്നിൽ നിന്ന് തന്നെയായാലും ഓരോരുത്തർക്കും അവരുടേതായ കഴിവുകളുണ്ടെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഇതുതന്നെയാണ് കലോത്സവങ്ങളിലെ പ്രാധാന്യവും. ഇത്തരം കഴിവുകളെയും പ്രോത്സാഹിപ്പിക്കാൻ കഴിയാവുന്ന ഒരു പ്രധാന വേദിയാണ് കലോത്സവം.

കലോത്സവങ്ങളിൽ തന്നെ പലരീതിയിൽ നടത്തുന്ന കലോത്സവങ്ങളുണ്ട്. അതിൽ നിന്നും ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ കഴിവിനെയാണ് നാം വാർത്തെടുക്കുന്നത്. മൂല്യബോധം നൽകുന്ന കഴിവുകളാണ് മിക്കതും. കലോത്സവങ്ങളിൽ ഇതെല്ലാം സുസ്ഥിരമാണ്. കുട്ടികളുടെ പ്രശസ്തിയെ പറ്റി പറയാം, കലോത്സവങ്ങൾ എന്നും എല്ലാവർക്കും ഒരു ആസ്വാദനമായി കണക്കാക്കുന്നവയാണ്. പ്രത്യേകിച്ച് നമുക്ക് കേരളീയർക്ക് കലോത്സവവും കലകളും ഒരു വികാരം തന്നെയാണ്. അതുകൊണ്ട് തന്നെ ആസ്വാദകർ ഇതിനേറെയാണ്. ഒരു വിദ്യാർത്ഥി-യുടെ കലയ്ക്ക് ആസ്വാദകർ കൂടുമ്പോൾ ആ കുട്ടിക്ക് പ്രശംസ ലഭിക്കാൻ സാധ്യത വളരെ കൂടുതലാണ്. അത് സാഹിത്യപരമായാലും, അഭിനയപരമായാലും ആസ്വാദകർ കൂടുമ്പോൾ പ്രശംസയ്ക്ക് വഴിയൊരു-ക്കുന്നു. കലോത്സവങ്ങളിലെ വേദികളിൽ മിക്കപ്പോഴും ജനക്കൂട്ടം കൊണ്ട് തിരക്ക് പിടിച്ചിരിക്കുകയായിരിക്കും. കാരണം, ഒരു കുട്ടിയുടെ കഴിവ് ആ കുട്ടി എങ്ങനെ പുറത്തെടുക്കുന്നു എന്നറിയാനും അത് അവർക്ക്

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ആസ്വാദകരാവുകയും ചെയ്യും. അവിടെയാണ് ആ കുട്ടിയുടെ വിജയം. ഇനിയിപ്പോൾ ഒന്നാം സ്ഥാനമോ മറ്റോ ഒന്നും കിട്ടിയില്ലെങ്കിലും ആ ഒരു വിദ്യാർത്ഥി കലോത്സവങ്ങളിൽ പങ്കെടുത്ത് അത് ആസ്വാദകരമാക്കിയോ എന്നാൽ ആ കുട്ടിയുടെ കഴിവിന് അംഗീകാരം ഉണ്ടായി എന്നർത്ഥം.

കലോത്സവവേദികളിൽ ജാതിയോ, മതമോ വലിയവനോ ചെറിയവനോ എന്നില്ലാതെ അവരുടെ കലകളെ അവർ വലുതാക്കിയെടുക്കുന്നു. എന്നാൽ ഇപ്പോൾ ചിലയിടങ്ങളിൽ പണത്തിന്റെ മൈബലത്താൽ അവസരങ്ങൾ നഷ്ടപ്പെട്ടു പോകുന്നവർ ഏറെയാണ്. പക്ഷെ, ആളുകളുടെ കൈയ്യടി നേടുന്ന എല്ലാ കുട്ടികളും അവരുടെ വിജയം ലഭിക്കുന്നത് അവരുടെ സർഗാത്മകത കൊണ്ട് മാത്രമാണ്. അല്ലാതെ പണത്തിന്റെ ബലത്താലോ ഒന്നും കൊണ്ടും ഒരു കുട്ടിയുടെയും കഴിവുകൾ പ്രത്യേകിച്ച് കലോത്സവങ്ങളിൽ ഒതുക്കാൻ സാധിക്കുന്നവയല്ല എന്ന് നമുക്ക് ~~നിഷ്ക~~ നിസ്സംശയം പറയാം. അത് ഏത് രീതിയിലുള്ള കുട്ടിയായാലും.

മാതൃഭാഷാപരമായിട്ടുള്ള കഴിവുകളായാലും അന്തർദേശീയ ഭാഷകളായ ഇംഗ്ലീഷ് പോലെയുള്ളവയിൽ നിന്നുള്ള കഴിവുകളായാലും കലോത്സവങ്ങളിൽ നിന്ന് അവർക്ക് കിട്ടുന്നത് രണ്ടിൽ നിന്നും അല്ലെങ്കിൽ ഏതിൽ നിന്നുമായിക്കോട്ടെ, അതിൽ നിന്ന് കിട്ടുന്ന ആത്മവിശ്വാസവും, ധൈര്യവും പ്രശസ്തിയും ഇനിയും അവരുടെ സർഗാത്മകശേഷി ഉയർന്ന് കൊണ്ടേയിരിക്കുന്നു. ജീവിതമാർഗത്തിനായി കലകൾ തന്നെ പഠനമാർഗമാക്കാൻ കലോത്സവങ്ങളിൽക്കൂടെയുള്ള കലകളിൽ നിന്ന് ലഭിക്കുന്നു. ഇന്ന് പലരും തന്റെ കഴിവുകൾ മനസ്സിലാക്കി ആ കലയെ പറ്റി പഠിക്കുന്നു. ഇതെല്ലാറ്റിനും ഒരു മുഖ്യ കാരണമായി പറയപ്പെടാവുന്നത് കലോത്സവങ്ങൾ തന്നെയാണ്.

സർഗാത്മകമായിട്ടുള്ള അവരുടെ കഴിവിനെ വാർത്തെടുത്ത് അതുതന്നെ അവരുടെ ജീവിതമാർഗമാക്കുക എന്നത് കലോത്സവങ്ങളിലെ നൈപുണികളിലൂടെയാണെന്ന് നേരത്തെ പറഞ്ഞുവല്ലോ, എങ്കിലും ജീവിതാവശ്യങ്ങൾക്ക് വേണ്ടി നമുക്ക് നമ്മുടെ കലകളെ ഉപയോഗിക്കാം എന്നതിന് ഒരു തെളിവായി

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നമുക്ക് മേൽപറഞ്ഞതിനെ കാണാം.

തോൽവിയോ ജയമോ അല്ലാ മറിച്ച് കലോത്സവങ്ങളിൽ പങ്കെടുത്ത് അതിനെ വളർത്തിയെടുക്കുക എന്നതാണ് നമ്മൾ ആദ്യം മനസ്സിലാക്കേണ്ടത്. ഇങ്ങനെയുള്ള കലോത്സവങ്ങളിൽ സർഗാത്മക ശേഷിയ്ക്ക് പറ്റിയതാണ് ഓരോ വിദ്യാർത്ഥിക്കും ചെയ്യാൻ കഴിയാവുന്നത്. ഇടയ്ക്കിടെ വരുന്ന പല കലോത്സവവത്സരങ്ങളിലും പങ്കെടുത്ത് കലയെ വളർത്തികൊണ്ട് വരിക എന്നതിൽ കേവലം ജയമോ തോൽവിയല്ല മറിച്ച് പങ്കെടുക്കുക എന്നതാണ് കലോത്സവങ്ങളിലെ ലക്ഷ്യം എന്നത് പലരും പറയുന്നത് കേൾക്കാം. ഇത് ഏതൊക്കുറെ വിദ്യാർത്ഥികൾക്കും ആത്മവിശ്വാസം നൽകാനും, മത്സര സമയത്ത് അവർക്ക് പ്രശ്നങ്ങൾ ഒന്നും ഇല്ലാതെ തന്നെ ആ കലയെ വളർത്തിയെടുക്കാൻ സഹായിക്കുന്നതിന്റെ രീതിയിൽ നമുക്ക് അത് കൃത്യമായി നിർവ്വഹിക്കാൻ സാധിക്കും. കലകളെ പ്രോത്സാഹിപ്പിക്കുക എന്നത് മാത്രമാണ് കലോത്സവങ്ങളിലെ ലക്ഷ്യം അല്ലാതെ ജയമോ തോൽവിയോ അല്ല.

വിദ്യാർത്ഥികളുടെ സർഗാത്മകത കലോത്സവങ്ങളിൽ കൂടി ഉയർച്ചയിലെത്തുമെന്ന് പറയുന്നത്, ആ മത്സരങ്ങളിൽ അത് ഏത് തരത്തിലുമുള്ളതായിക്കോട്ടെ, അവരുടെ ഭാവനാശേഷിയെയും, ആശയവ്യക്തതയെയും, ചിന്താശേഷിയെയും വർദ്ധിപ്പിച്ചുകൊണ്ടുവരാം. ഇത് മാത്രമായിട്ടല്ല ഇനിയും കുറെ കാര്യങ്ങൾ കുട്ടികളുടെ സർഗാത്മകത ഉയർച്ചയിലേക്കെത്തിക്കുന്നുണ്ട്. അത് കലോത്സവങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളുടെ കാര്യത്തിൽ ഒരു നാഴികക്കല്ലായി നമുക്ക് പറയാം.

ഓരോ വർഷവും കലോത്സവവേദികളിലേക്ക് വരുന്ന വിദ്യാർത്ഥികൾ അവരുടെ സർഗാത്മകത ലോകത്തിനു മുന്നിൽ വരച്ചുകാട്ടാനാണ്. ഇങ്ങനെയുള്ള പല കഴിവിൽനിന്നും മുന്നിട്ടുനിൽക്കുന്ന കുട്ടികൾ ആശയക്കുഴപ്പത്തിലാകാൻ സാധ്യത കൂടുതലാണ്. ബാക്കിയുള്ളവരെ കാണുമ്പോൾ തനിക്കുപോലെ ആകാൻ പറ്റില്ലേ എന്നൊക്കെ ചിന്തിക്കുന്നവരുണ്ട്. അതിന് വേണ്ടിയുള്ള കലോത്സവവേദികളിൽ അവരുടെ കഴിവ് വളരെയധികം

ഉയർത്തിക്കൊണ്ട്‌വരിക എന്നതാണ് നമുക്ക് വിദ്യാർത്ഥികളോട് പറയാൻ സാധിക്കുക.

പ്രധാനമായും കലോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികൾ കലോത്സവമത്സരങ്ങളിലെ ഉയർന്നതലത്തിലേക്ക് എത്തുമ്പോൾ അവരുടെ സർഗാത്മകശേഷിയും അവർക്കുള്ള കഴിവും എത്രത്തോളം വലുതാണെന്ന് തിരിച്ചറിയാൻ നമുക്ക് സാധിക്കും. അതുപോലെതന്നെ അവർക്കും. വിദ്യാർത്ഥികൾ തന്റെ പഠനകാലത്ത് തന്നെ മറ്റൊരു കഴിവ് വാർത്തെടുത്ത് അത് പ്രശംസിയാർജ്ജിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും ആ കുട്ടിയുടെ കഴിവ്. ഇതെല്ലാം ആ വിദ്യാർത്ഥിയുടെ മാതാപിതാക്കളെയും, സ്കൂളിനെയും അധ്യാപകരെയും അവർ ഉയർന്ന തലങ്ങളിലേക്കെത്തി നിൽക്കുമ്പോൾ ആ വ്യക്തികൾ-ക്കെല്ലാം തീർച്ചയും അഭിമാനിക്കാവുന്നതാണ്. ഈ കാര്യം സ്വന്തം അനുഭവത്തിൽ നിന്നാണെന്ന് എനിക്ക് പറയാൻ സാധിക്കും. കലോത്സവങ്ങളിൽ പങ്കെടുത്ത് വിദ്യാർത്ഥികൾ ഉന്നതതലങ്ങളിലേക്കെത്തുമ്പോൾ അവരെ അഭിസംബോധന ചെയ്യാൻ അവർക്ക്

ചുറ്റും ആളുകളുണ്ടെങ്കിൽ അവർക്ക് ആത്മവിശ്വാ-
സവർദ്ധനവിനും, അവരുടെ സർഗാത്മകതയിലുള്ള
വർദ്ധനവിനും ഇത് സാധിക്കും.

ഉപസംഹാരം :-

കലാലയങ്ങളിൽ നിന്നോ കലോത്സവങ്ങളിലേക്ക്
പല രീതിയിലുള്ള കഴിവുകളുമായി വിദ്യാർത്ഥികൾ
എത്തിച്ചേരുമ്പോൾ തീർച്ചയും അത് അഭിനന്ദനാർ-
ഹമായ ഒരു കാര്യമാണ്. തന്റെ ജീവിതത്തിൽ
അഭിമാനിക്കാൻ കഴിയാവുന്ന എന്തെങ്കിലുമൊന്ന്
ഒരു മനുഷ്യനിൽ ഉണ്ടാകുന്നത് വളരെ നല്ലതാണ്.
കലകളെ വളർത്തിക്കൊണ്ട് വരുന്ന അതിനായി
സഹായിക്കുന്ന കലോത്സവമത്സരങ്ങളിലേക്ക്
വിദ്യാർത്ഥികൾ കടന്നുചെല്ലുമ്പോൾ ആ കഴിവിന്റെ
അംഗീകാരത്തിന് വേണ്ടി മാത്രമല്ല അത് തന്റെ
കഴിവിനെ വാർത്തെടുക്കാൻ സഹായകരമായ
ഒരു ഘടകമാണെന്ന് അറിയുക. ജീവിതത്തിലെ
അവിഭാജ്യ ഘടകമായി കലകളെ പറയുന്നില്ലെ-
ങ്കിലും അത് ആ രീതിയിൽ തന്നെയുള്ളതാണെ-
ന്നാണ് എന്റെ നിഗമനം. കലകൾ വേണമെങ്കിൽ

കലോത്സവങ്ങളിൽ കൂടി പുരോഗമനമുണ്ടാക്കാം
അല്ലെങ്കിൽ അത് വെറുതെ വെക്കാം. തികച്ചും
അഭിമാനകരമായ ഒരു കാര്യമാണ് കലോത്സവങ്ങളിൽ
പങ്കെടുക്കുക എന്നത്. അതിൽ നിന്നും ലഭിക്കുന്ന
സർഗമാക്ക സർഗാത്മകതയിലുള്ള ഉയർച്ച
ചെറുതൊന്നുമല്ല. അത് ഏത് തരം കഴിവാ-
ണെങ്കിൽ ഉയർത്തിക്കൊണ്ട് വന്ന് അത് തന്നെ
ഒരു കലാകാരനാക്കുകയാണെങ്കിൽ ആ പ്രശസ്-
തിയിൽ നിന്ന് ലഭിക്കുന്നതൊന്നും ചെറുതല്ല.
എല്ലാംകൂടി ഒത്തുപറഞ്ഞാൽ കലകൾ വാർത്തെടു-
ത്താൽ നമുക്ക് കിട്ടുന്ന പലതും ചെറുതല്ല.
തികച്ചും അഭിമാനപൂർണമായ ഈ കാര്യത്തെ
വളർത്തിക്കൊണ്ട് വരാൻ സഹായിക്കുന്ന സ്കൂൾ
കലോത്സവങ്ങളിൽ ഇനിയും നല്ല നല്ല കലാപ്രതിഭ-
കൾ ഉയർന്ന് വരട്ടെ അതിനായി നമുക്ക്
ആശംസിക്കാം...